വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം പണിയുന്നതിന് നടപടി

114 [1053] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകൾക്കാണ് പുതിയതായി കെട്ടിടം പണിയുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനകം കെട്ടിടം പണി പൂർത്തീകരിച്ച വില്ലേജ് ഓഫീസുകൾ ഏതെല്ലാമാണ് ;

(സി) പൂർത്തിയാകാത്ത വില്ലേജ് ഓഫീസുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വിശദമാക്കുമോ ;

(ഡി) പുള്ള് വില്ലേജ് ഓഫീസിന്റെ നിർമ്മാണപ്രവർത്തനം പകുതിക്കുവച്ച് മുടങ്ങിയതിന്റെ കാരണം എന്താണ് ; ഇതിന്റെ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണിമംഗലം, ചേർപ്പ്, ആറാട്ടുപുഴ, വല്ലച്ചിറ, പള്ളിപ്പുറം, കോടന്നൂർ, അവിനിശ്ശേരി, വിങ്ങിണിശ്ശേരി, പുള്ള്, ആലപ്പാട്, കിഴുപ്പുള്ളിക്കര, ചൊവ്വൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയതായി കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കണിമംഗലം, വെങ്ങിണിശ്ശേരി, ആലപ്പാട്, കിഴുപ്പുള്ളിക്കര.

(സി) ഒരു വർഷത്തിനകം.

(ഡി) പുള്ള് വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിന് അനുവദിച്ച തുക നിക്ഷേപിച്ചിട്ടുള്ള തൃശ്ശൂർ തഹസിൽദാരുടെ ടി.പി. അക്കൗണ്ട് മരവിപ്പിച്ചിരിക്കുന്ന സാഹചര്യത്തിലാണ് പുള്ള് വില്ലേജ് ഓഫീസിന്റെ പണി നിർത്തിവച്ചിരിക്കുന്നത്. ടി തുക റിലീസ് ചെയ്ത് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നുണ്ട്.

പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്ന വില്ലേജ് ഓഫീസുകൾ

115 [1054] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളാണ് 2005-06 വർഷത്തിൽ പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്നത് ;

(ബി) കണ്ണൂർ ജില്ലയിൽ പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്ന വില്ലേജ് ഓഫീസുകളുടെ പേര് വെളിപ്പെടുത്താമോ ;

GPM. 2/153/2013—19

LIBRARY ARCHIVES Kerala Legislative Assembly

(സി) തലശ്ശേരി താലൂക്കിൽ പന്ന്യന്നൂർ വില്ലേജ് ഓഫീസിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെടുകയും പൊതുജന സമ്പർക്ക പരിപാടിയിൽ വില്ലേജ് ഓഫീസ് പണിയാൻ തുക പ്രഖ്യാപിക്കുകയും ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 162 വില്ലേജ് ഓഫീസുകൾ.

(ബി) വേക്കളം, പന്നിയന്നൂർ, മാടായി, ചേലേരി.

(സി & ഡി) ഉണ്ട്. പന്ന്യന്നൂർ വില്ലേജ് ഓഫീസിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് ആവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.

ചാരുംമൂട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

116 [1055] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയുടെ ഭാഗങ്ങളായ പാലമേൽ, നൂറനാട്, താമരക്കുളം, ചുനക്കര, തഴക്കര പഞ്ചായത്തുകളുടെ കേന്ദ്ര സ്ഥലമായ 'ചാരുംമൂട്' കേന്ദ്രമാക്കി ഒരു മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഒരു താലൂക്കിൽ പല സ്ഥലങ്ങളിലായി സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ എല്ലാം ഒരു കെട്ടിട സമുച്ചയത്തിൽ ആക്കി പ്രവർത്തിപ്പിക്കുന്നതിനാണ് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത്. ഒരു താലൂക്കിൽ ഒരു മിനി സിവിൽ സ്റ്റേഷൻ മാത്രമേ പാടുള്ളൂ എന്നാണ് വ്യവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly